REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 06-11-2025 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- **ബിഹാർ ഇന്ന് പോളിംഗ് ബൂത്തിലേക്ക്. ആദ്യഘട്ട വോട്ടെടുപ്പ് അല്പസമയത്തിനകം ആരംഭിക്കും.**
- **വന്ദേമാതരത്തിന്റെ 150-ാം വാർഷികത്തോടനുബന്ധിച്ച് ഒരു വർഷത്തെ അനുസ്മരണ പരിപാടി നാളെ ന്യൂഡൽഹിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഉദ്ഘാടനം ചെയ്യും.**
- **അഴിമതിരഹിതവും ജനപക്ഷവുമായ ഭരണ സംവിധാനമാണ് ഉദ്ദേശിക്കുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
- **ഇന്ത്യ തദ്ദേശീയമായി നിർമ്മിച്ച സർവേ വെസൽ 'ഇക്ഷക്' ഇന്ന് കൊച്ചിയിൽ കമ്മീഷൻ ചെയ്യും.**
- **17-ാമത് പട്ടിക വർഗ്ഗ യുവജന വിനിമയ പരിപാടി കോഴിക്കോട്ട് ഇന്ന് ആരംഭിക്കും.**
- **ഇന്ത്യ- ഓസ്ട്രേലിയ ട്വന്റി 20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരം ഇന്ന് ഓസ്ട്രേലിയയിൽ ആരംഭിക്കും.**

## വാർത്തകൾ വിശദമായി

ബിഹാർ ഇന്ന് പോളിംഗ് ബൂത്തിലേക്ക്. നിയമസഭാ തിരഞ്ഞെടുപ്പിന്റെ ആദ്യഘട്ട വോട്ടെടുപ്പ് അല്പസമയത്തിനകം ആരംഭിക്കും. 18 ജില്ലകളിലെ 121 നിയമസഭാ മണ്ഡലങ്ങളാണ് ഇന്ന് വിധിയെഴുതുന്നത്. പോളിംഗ് വൈകിട്ട് ആറു വരെ തുടരും.

ഡെസ്ക് റിപ്പോർട്ട്

....(വോയ്സ്).....

സ്വതന്ത്രവും നീതിയുക്തവുമായ വോട്ടെടുപ്പ് ഉറപ്പാക്കാൻ വിപുലമായ സുരക്ഷാ ക്രമീകരണങ്ങളാണ് ബീഹാറിൽ ഏർപ്പെടുത്തിയത്. 45,341 പോളിംഗ് സ്റ്റേഷനുകളിലും വെബ്കാസ്റ്റിംഗ് ഒരുക്കിയിട്ടുണ്ട്. 926 ബൂത്തുകൾ പൂർണമായും വനിതകളാണ് നിയന്ത്രിക്കുന്നത്. കൂടാതെ, ഭിന്നശേഷിക്കാർ നിയന്ത്രിക്കുന്ന 107 ബൂത്തുകളും വോട്ടർമാർക്കായി മെച്ചപ്പെട്ട സൗകര്യങ്ങളോടെ 320 മോഡൽ ബൂത്തുകളും ഒരുക്കിയിട്ടുണ്ട്.

ആദ്യഘട്ടത്തിൽ 1,314 സ്ഥാനാർത്ഥികളാണ് മത്സരിക്കുന്നത്. 3 കോടി 75 ലക്ഷത്തിലധികം വോട്ടർമാർ സമ്മതിദാനാവകാശം വിനിയോഗിക്കും. സ്ഥാനാർഥികളിൽ 122 പേർ വനിതകളാണ്.

എൻ ഡി എ സഖ്യത്തിൽ ജെ ഡി (യു) 57 സീറ്റുകളിലും ബി ജെ പി 48 സീറ്റുകളിലും മത്സരിക്കുന്നു. മഹാസഖ്യത്തിൽ ആർ ജെ ഡി 73 സ്ഥാനാർത്ഥികളെയും കോൺഗ്രസ് 24 സ്ഥാനാർത്ഥികളെയും സി പി ഐ (എം എൽ) 14 സ്ഥാനാർത്ഥികളെയും നിർത്തിയിട്ടുണ്ട്.

ഉപമുഖ്യമന്ത്രിമാരായ സമ്രാട്ട് ചൗധരി, വിജയ് കുമാർ സിൻഹ, മഹാസഖ്യത്തിന്റെ മുഖ്യമന്ത്രി സ്ഥാനാർത്ഥിയായ തേജസ്വി പ്രസാദ് യാദവ്, മുൻ കേന്ദ്രമന്ത്രി റാം ക്രിപാൽ യാദവ്, എന്നിവർ ഉൾപ്പെടെ നിരവധി പ്രമുഖർ ഈ ഘട്ടത്തിൽ ജനവിധി തേടുന്നുണ്ട്. നിതീഷ് കുമാർ മന്ത്രിസഭയിലെ 16 പേർ മത്സര രംഗത്തുണ്ട്.

✪✪✪

വന്ദേമാതരത്തിന്റെ 150-ാം വാർഷികത്തോടനുബന്ധിച്ച് ഒരു വർഷം നീളുന്ന അനുസ്മരണ പരിപാടി നാളെ ന്യൂഡൽഹിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഉദ്ഘാടനം ചെയ്യും. നാളെ മുതൽ അടുത്ത വർഷം നവംബർ ഏഴു വരെ രാജ്യവ്യാപകമായി വിവിധ പരിപാടികൾ സംഘടിപ്പിക്കും.

വന്ദേമാതരത്തിന്റെ ചരിത്രത്തെക്കുറിച്ച് ക്യുറേറ്റഡ് എക്സിബിഷൻ ഉദ്ഘാടന ചടങ്ങിന്റെ ഭാഗമായി സംഘടിപ്പിക്കും.

ഹ്രസ്വ ഡോക്യുമെന്ററി ചിത്രത്തിന്റെ പ്രദർശനവും സ്മാരക സ്റ്റാമ്പും നാണയവും പുറത്തിറക്കും.

✪✪✪

ലോകത്തിലെ മികച്ച സഹകരണ സ്ഥാപനങ്ങളുടെ ആഗോള റാങ്കിംഗിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കിയ രാജ്യത്തെ പ്രമുഖ സഹകരണ

സ്ഥാപനങ്ങളായ അമുലിനെയും ഇഫ്കോയെയും പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിനന്ദിച്ചു. സഹകരണ മേഖല സജീവമാണെന്നും അത് നിരവധി പേരുടെ ജീവിതത്തിൽ പരിവർത്തനങ്ങൾ വരുത്തുന്നുണ്ടെന്നും പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ കുറിച്ചു.

✪✪✪

ജനാധിപത്യത്തിന്റെ മൂന്ന് തൂണുകളായ എക്സിക്യൂട്ടീവും, ജുഡീഷ്യറിയും, നിയമനിർമ്മാണ സഭയും പൗരൻമാരുടെ ക്ഷേമത്തിനാണ് നിലകൊള്ളുന്നതെന്നും, ഇവയിൽ ഒന്നിനും ഒറ്റക്ക് പ്രവർത്തിക്കാൻ സാധിക്കില്ലെന്നും ചീഫ് ജസ്റ്റിസ് BR ഗവായി പറഞ്ഞു.

ഗോറെഗാവിൽ മഹാരാഷ്ട്ര നാഷണൽ ലോ യൂണിവേഴ്സിറ്റിയുടെ പുതിയ കാമ്പസ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪

അഴിമതിരഹിതവും ജനപക്ഷവുമായ ഭരണ സംവിധാനമാണ് ഉദ്ദേശിക്കുന്നതെന്നും, അഴിമതിക്കാരെ സംരക്ഷിക്കുന്ന നിലപാടില്ലെന്നും മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. വിവിധ വകുപ്പുകളിലെ ചീഫ്, ഇന്റേണൽ വിജിലൻസ് ഓഫീസർമാരുടെ വാർഷിക സമ്മേളനം തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സംസ്ഥാനത്ത് അഴിമതി പൂർണമായി നീക്കാനായില്ലെങ്കിലും, ഇക്കാര്യത്തിൽ പുരോഗതിയുണ്ടായതായി മുഖ്യമന്ത്രി അറിയിച്ചു. ഇന്റേണൽ വിജിലൻസിന്റെ ഭാഗമായി പ്രവർത്തിക്കുന്നവർ അഴിമതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഗവൺമെന്റിന്റ ശ്രദ്ധയിൽപെടുത്തണമെന്നും പിണറായി വിജയൻ ആവശ്യപ്പെട്ടു.

കഴിഞ്ഞ വർഷത്തെ പ്രവർത്തന മികവിന് ഉദ്യോഗസ്ഥർക്ക് ബാഡ്ജ് ഓഫ് ഓണർ വിതരണവും മുഖ്യമന്ത്രി നിർവഹിച്ചു.

✪✪✪

ഇന്ത്യ തദ്ദേശീയമായി നിർമ്മിച്ച സർവേ വെസൽ ശ്രേണിയിലെ മൂന്നാമത്തെ കപ്പലായ 'ഇക്ഷക്' ഇന്ന് ഔദ്യോഗികമായി നാവികസേനയുടെ ഭാഗമാകും. കൊച്ചിയിലെ നാവിക താവളത്തിൽ നടക്കുന്ന കമ്മീഷൻ ചെയ്യൽ ചടങ്ങിൽ നാവികസേനാ മേധാവി അഡ്മിറൽ ദിനേശ് കെ ത്രിപാഠി പങ്കെടുക്കും.

ദക്ഷിണ നാവികാസ്ഥാനത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഇക്ഷക്, രാജ്യത്തിന്റെ ഹൈഡ്രോഗ്രാഫിക് സർവേ ശേഷി വർദ്ധിപ്പിക്കുന്നതിൽ നിർണായക പങ്ക് വഹിക്കും. സംസ്കൃതത്തിൽ 'വഴികാട്ടി' എന്നാണ് ഇക്ഷക്

എന്നതിന്റെ അർഥം. തുറമുഖങ്ങൾ, കപ്പൽ ചാലുകൾ, ആഴക്കടൽ മേഖലകൾ എന്നിവിടങ്ങളിലെ തീരദേശ, ആഴക്കടൽ ഹൈഡ്രോഗ്രാഫിക് സർവേകൾ നടത്താൻ ഈ കപ്പലിന് കഴിയും.

കപ്പൽ നിർമ്മാണ മേഖലയിൽ ഇന്ത്യ കൈവരിച്ച വളർച്ചയുടെയും സ്വയംപര്യാപ്തതയുടെയും മികച്ച ഉദാഹരണമാണ് 'ഇക്ഷക്' എന്ന് രാജ്യരക്ഷാ മന്ത്രാലയം അറിയിച്ചു.

✪✪✪

ശബരിമല മണ്ഡല-മകരവിളക്ക് മഹോത്സവവുമായി ബന്ധപ്പെട്ട് വനം വകുപ്പിന്റെ മുന്നൊരുക്കങ്ങൾ ദ്രുതഗതിയിൽ പുരോഗമിക്കുകയാണെന്ന് മന്ത്രി A.K ശശീന്ദ്രൻ അറിയിച്ചു. ഒരാഴ്ച്ചയ്ക്കുള്ളിൽ ശബരിമലയിൽ മുഴുവൻ പ്രവർത്തനങ്ങളും പൂർത്തീകരിക്കുമെന്ന് മന്ത്രി അറിയിച്ചു.

മണ്ഡല- മകരവിളക്ക് മഹോത്സവവുമായി ബന്ധപ്പെട്ട ഒരുക്കങ്ങൾ വിലയിരുത്തുന്നതിന് ചേർന്ന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

അന്തിമ ഒരുക്കങ്ങൾ വിലയിരുത്തുന്നതിന് വനം പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ നവംബർ 11-ന് മുൻപ് യോഗം ചേരാനും തീരുമാനമായി.

✪✪✪

കേരളത്തെ ഫുഡ് ഡെസ്റ്റിനേഷൻ ആക്കുകയാണ് സംസ്ഥാന ഗവൺമെന്റിന്റെ ലക്ഷ്യമെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നേതൃത്വത്തിൽ സജ്ജമാക്കിയ തിരുവനന്തപുരം ശംഖുമുഖം ഫുഡ് സ്ട്രീറ്റ് ഹബ്ബ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

സുരക്ഷിത ഭക്ഷണം ഉറപ്പ് വരുത്തുന്നതിന് ആദ്യ ഘട്ടത്തിൽ 4 സ്ഥലങ്ങളാണ് തെരഞ്ഞെടുത്തതെന്നും വീണാ ജോർജ് അറിയിച്ചു. തിരുവന്തപുരം കൂടാതെ എറണാകുളം കസ്തൂർബാ നഗർ, കോഴിക്കോട് ബീച്ച്, മലപ്പുറം കോട്ടക്കുന്ന് എന്നീ സ്ഥലങ്ങളിലും ഫുഡ് സ്ട്രീറ്റുകൾ സജ്ജമായതായും, കൂടുതൽ സ്ഥലങ്ങളിൽ ഫുഡ് സ്ട്രീറ്റ് വ്യാപിപ്പിക്കുമെന്നും വീണാ ജോർജ് വ്യക്തമാക്കി.

ശംഖുമുഖം ബീച്ച് സൗന്ദര്യവത്ക്കരണം മന്ത്രി PA മുഹമ്മദ് റിയാസും ഉദ്ഘാടനം ചെയ്തു.

✪✪✪

സംസ്ഥാന ഗവണ്മെന്റിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സർവ്വകലാശാലകളിൽ ഗവർണർ അമിതാധികാര പ്രയോഗം നടത്തുന്നത്

അപലപനീയമാണെന്ന് മന്ത്രി ഡോ. R ബിന്ദു പറഞ്ഞു. തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അവർ.

കേരളത്തിൽ മുമ്പെങ്ങുമില്ലാത്ത വിധത്തിലാണ് രാജ്ഭവന്റെ പ്രവർത്തനമെന്നും ഡോ. R ബിന്ദു ആരോപിച്ചു.

✪✪✪

സംസ്ഥാന ശാസ്ത്രോത്സവത്തിന് നാളെ പാലക്കാട്ട് തുടക്കമാകും. മന്ത്രി V ശിവൻകുട്ടി ഉദ്ഘാടനം ചെയ്യും. സംസ്ഥാനത്തെ 14 ജില്ലകളിലെ 8500-ൽ അധികം ശാസ്ത്ര പ്രതിഭകൾ നാല് ദിവസത്തെ മത്സരങ്ങളിൽ പങ്കെടുക്കും.

ശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഗണിതശാസ്ത്രം, IT, പ്രവൃത്തി പരിചയം, VHSC എക്സ്പോ എന്നിങ്ങനെ ആറ് വിഭാഗങ്ങളിലായാണ് മത്സരങ്ങൾ സംഘടിപ്പിക്കുന്നത്.

✪✪✪

കോഴിക്കോട് ജില്ലയിലെ പട്ടികവർഗ വിഭാഗക്കാരുടെ അടിസ്ഥാന രേഖകളുടെ രജിസ്ട്രേഷൻ പൂർത്തിയാക്കുന്നതിന്റെ ഭാഗമായ മെഗാ ഡിജിറ്റലൈസേഷൻ ക്യാമ്പ് ഇന്ന് ആരംഭിക്കും.

പേരാമ്പ്ര ഡിവിഷനിലെ വാണിമേൽ, കാവിലുംപാറ, വളയം, ചെക്യാട്, നരിപ്പറ്റ പഞ്ചായത്തുകളിലെ 29 ഉന്നതികളിൽ നിന്ന് 170ലധികം പേരുടെ വിവരങ്ങളാണ് ശേഖരിക്കുന്നത്.

നാളെ കോടഞ്ചേരി ഡിവിഷനിലെ കോടഞ്ചേരി, പുതുപ്പാടി, കാരശ്ശേരി, തിരുവമ്പാടി, കൂടത്തായി എന്നീ പഞ്ചായത്തുകളിലെ 44 ഉന്നതികളിൽ നിന്ന് 270 ലധികം പേരുടെ വിവരങ്ങളും ശേഖരിക്കും.

✪✪✪

കേന്ദ്ര ആഭ്യന്തര മന്ത്രാലയവും, യുവജനകാര്യ കായിക മന്താലയവും, മേരാ യുവ ഭാരതും സംയുക്തമായി സംഘടിപ്പിക്കുന്ന 17-ാമത് പട്ടിക വർഗ്ഗ യുവജന വിനിമയ പരിപാടി കോഴിക്കോട്ട് ഇന്ന് ആരംഭിക്കും. ഈസ്റ്റ്ഹിൽ 'യൂത്ത് ഹോസ്റ്റലിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഉച്ചയ്ക്ക് ഉദ്ഘാടനം ചെയ്യും.

MK രാഘവൻ MP, തോട്ടത്തിൽ രവീന്ദ്രൻ MLA, മേരാ യുവ ഭാരത് സ്റ്റേറ്റ് ഡയറക്ടർ M അനിൽ കുമാർ, ജില്ലാ കളക്ടർ സ്നേഹിൽ കുമാർ സിംഗ് തുടങ്ങിയവർ പങ്കെടുക്കും. ഗോത്രവർഗ യുവജനങ്ങളുടെ ശാക്തീകരണവും സമഗ്ര വികസനവും ലക്ഷ്യമിട്ടാണ് പരിപാടി സംഘടിപ്പിക്കുന്നത്.

ഛത്തീസ്ഗഡ്, ജാർഖണ്ഡ്, മധ്യപ്രദേശ് സംസ്ഥാനങ്ങളിലെ പട്ടിക വർഗ യുവജനങ്ങളാണ് പങ്കെടുക്കുക.

✪✪✪

S.I.R നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് എന്യൂമെറേഷൻ ഫോം വിതരണത്തിന്റെ രണ്ടാം ദിവസമായ ബുധനാഴ്ചയും വോട്ടർമാരിൽ നിന്ന് നല്ല പ്രതികരണമാണ് ലഭിച്ചതെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ യു ഖേൽക്കർ പറഞ്ഞു. വോട്ടർമാർ അതീവ ഉത്സാഹത്തോടെയാണ് വീടുകളിലെത്തിയ BLO മാരെ സ്വീകരിച്ചത്. ഏകദേശം എട്ട് ലക്ഷത്തി 85,925 പേർക്ക് എന്യൂമെറേഷൻ ഫോം വിതരണം ചെയ്തതായും അദ്ദേഹം അറിയിച്ചു.

✪✪✪

തദ്ദേശ ഭരണ സ്ഥാപന പൊതു തിരഞ്ഞെടുപ്പ് ജോലിക്കായി പോളിംഗ് ഉദ്യോഗസ്ഥരെ ഇ- ഡ്രോപ്പ് പോർട്ടൽ മുഖേന കണ്ടെത്തുന്ന നടപടികൾ കോഴിക്കോട് ജില്ലയിൽ ആരംഭിച്ചു. ജീവനക്കാരുടെ പേരു വിവരം ഇ - ഡ്രോപ്പിൽ അതത് സ്ഥാപനമേധാവികൾ രേഖപ്പെടുത്തുന്ന നടപടി നാളെ പൂർത്തിയാക്കണമെന്ന് ജില്ലാ കളക്ടർ നിർദ്ദേശിച്ചു.

✪✪✪

തദ്ദേശ ഭരണ സ്ഥാപന തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട UDF ലെ ജില്ലാ പഞ്ചായത്ത് സീറ്റ് വിഭജന ചർച്ച കോഴിക്കോട്ട് പൂർത്തിയായി.

ആകെ 28 ഡിവിഷനുകളിലെ 14 എണ്ണത്തിൽ കോൺഗ്രസും, 11 ഇടത്ത് മുസ്ലിം ലീഗും, ഒന്നു വീതം ഡിവിഷനുകളിൽ CMP യും, കേരള കോൺഗ്രസും, RMP-I യും മത്സരിക്കും.

✪✪✪

ഇന്ത്യ- ഓസ്ട്രേലിയ ട്വന്റി 20 ക്രിക്കറ്റ് അഞ്ചു മത്സര പരമ്പരയിലെ നാലാം മത്സരം ഇന്ന് ഓസ്ട്രേലിയയിൽ ആരംഭിക്കും. ക്വീൻസ്ലാൻഡിലെ കരാര സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം ഉച്ചയ്ക്ക് 1.45നാണ് മത്സരം. ഇരു ടീമുകളും പരമ്പരയിൽ ഓരോ മത്സരം വീതം വിജയിച്ചിട്ടുണ്ട്.

ഫൈനൽ മത്സരം ഈ മാസം എട്ടിന് ബ്രിസ്ബണിലാണ്.

✪✪✪

വനിതാ ലോകകപ്പ് ക്രിക്കറ്റിൽ ചാമ്പ്യന്മാരായ ടീം ഇന്ത്യയ്ക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി ലോക് കല്യാൺ മാർഗിലെ ഔദ്യോഗിക വസതിയിൽ പ്രത്യേക

വിരുന്നൊരുക്കി. ക്രിക്കറ്റ് ടീമിന്റെ വിജയത്തിന് പ്രധാനമന്ത്രി ടീം അംഗങ്ങളെ അഭിനന്ദിച്ചു.

✪✪✪

ലോക ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പ് ഇന്ന് ഈജിപ്തിലെ കെയ്റോയിൽ ആരംഭിക്കും. 2024ലെ പാരിസ് ഒളിമ്പിക്സ് മെഡൽ ജേതാക്കളായ മനു ഭാക്കറും സ്വപ്നിൽ കുസാലെയും നയിക്കുന്ന 40 അംഗ സംഘമാണ് ഇന്ത്യയെ പ്രതിനിധീകരിച്ച് ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്നത്.

✪✪✪

ഗോവയിൽ FIDE ലോകകപ്പ് 2025 ചെസ്സ് ടൂർണമെന്റിൽ ഇന്ത്യയുടെ മുൻനിര ഗ്രാൻഡ് മാസ്റ്റർമാർ മികച്ച പ്രകടനത്തോടെ മൂന്നാം റൗണ്ടിലേക്ക് കടന്നു. ഗ്രാൻഡ്മാസ്റ്റർമാരായ D ഗുകേഷ്, അർജുൻ എരിഗൈസി, പെന്റല ഹരികൃഷ്ണ എന്നിവരാണ് റൗണ്ട് 2 മത്സരങ്ങൾ വിജയിച്ച് മുന്നേറിയത്.

✪✪✪

സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ കണ്ണൂർ വാരിയേഴ്സ് FC യുടെ ആദ്യ ഹോം മത്സരം നാളെ കണ്ണൂരിൽ നടത്തും. ജവഹർ സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

കാണികൾക്ക് വൈകീട്ട് ആറ് മുതൽ ടിക്കറ്റുമായി സ്റ്റേഡിയ ത്തിൽ പ്രവേശിക്കാം.

✪✪✪

പാലക്കാട്, കൽപ്പാത്തി രഥോത്സവത്തിന്റെ സുഗമമായ നടത്തിപ്പിന് ജില്ലാ ഭരണകൂടം ഒരുക്കങ്ങൾ ഊർജ്ജിതമാക്കി. ഈ മാസം 14, 15, 16 തീയതികളിലാണ് പ്രധാന രഥപ്രയാണം.

✪✪✪

---

**News Editor: വി കെ സുരേഷ്**
**News Reader: സയ്യിദ് അലി ശിഹാബ്**
**NRTs: ഫസ്ന ഫാത്തിമ**
**DEO: ഷീബ**